# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1765 — 17.06.2013-ൽ മറുപടിക്ക്

**തുറമുഖ വകുപ്പിൽ നിന്നും ജീവനക്കാരെ പിരിച്ചുവിടുന്നതിന് സ്വീകരിച്ച നടപടിക്രമം**

ചോദ്യം — മറുപടി

| ശ്രീ. കെ. രാധാകൃഷ്ണൻ | | | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സർക്കാർ സർവ്വീസിൽ നിന്നും ജീവനക്കാരെ പിരിച്ചുവിടുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | 1960 — ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടം 15, എം.ഒ.പി എന്നിവയിലെ നിബന്ധനകൾ അനുസരിച്ചാണ് പിരിച്ചുവിടൽ ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത്. |
| (ബി) | തുറമുഖ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഈ വർഷം മൂന്ന് ജീവനക്കാരെ പിരിച്ചുവിട്ടതായുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. തുറമുഖ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഒരാളെ ഈ വർഷം നിയമാനുസൃതമുള്ള അന്വേഷണവും, നടപടിക്രമങ്ങളും മറ്റും പാലിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിൽ ജോലി ചെയ്തിരുന്ന ശ്രീമതി.എസ്.അനിത, യു.ഡി.ക്ലാർക്ക് ആലപ്പുഴ പോർട്ട് ഓഫീസിൽ ജോലി ചെയ്തിരുന്ന ഹെഡ് ക്ലാർക്ക് ശ്രീ.ബാബു റ്റി കര്യാക്കോസ് എന്നിവരെയും നിയമാനുസൃതമുള്ള അന്വേഷണത്തിനുശേഷം ഈ വർഷം സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | വിശദാംശങ്ങൾ അനുബന്ധം ഒന്നിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇവരിൽ ഓരോരുത്തരെയും പിരിച്ചുവിടുന്നതിനു മുമ്പ് സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടം 15 അനുസരിച്ചുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ട്. |
| (ഇ) | ചട്ടപ്രകാരം ഓരോരുത്തരെയും പിരിച്ചുവിടുന്നതിനുമുമ്പായി സർക്കാരിൽ നിന്നും ലഭിച്ച അനുമതിയുടെയും ഓരോ ഘട്ടത്തിലുമുള്ള തുറമുഖ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ; | (ഇ) | പ്രസ്തുത ജീവനക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം രണ്ടിൽ ഉള്ളടക്കം ചെയ്യുന്നു. |
| (എഫ്) | ഈ ജീവനക്കാരെ പിരിച്ചുവിടുന്നതിനുമുമ്പായി കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും അനുമതിപത്രത്തിന്റെ പകർപ്പും ഉൾപ്പെടെ ലഭ്യമാക്കാമോ; | (എഫ്) | അച്ചടക്ക നടപടിയുടെ ഭാഗമായി ജീവനക്കാരെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് ഡിസിപ്ലനറി അതോറിറ്റി/വകുപ്പ് മേലധികാരി പി.എസ്.സിയുടെ അനുമതി തേടേണ്ടതില്ല. |
| (ജി) | സർവ്വീസ് ചട്ടങ്ങൾ പാലിക്കാതെയാണ് ഈ ജീവനക്കാരെ പിരിച്ചുവിട്ടതെങ്കിൽ അവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ജി) | ഇതു സംബന്ധിച്ച ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്